ഉത്തരം

(എ) കോഴിക്കോട് കോർപ്പറേഷന്റെ അധീനതയിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനായി മൂന്ന് വാഹനങ്ങൾ ഉണ്ട്.

(ബി) ഇപ്പോൾ നഗരസഭയിൽ ഉള്ള വാഹനങ്ങൾ ഉപയോഗിച്ച്, ആവശ്യമായി വരുന്ന ശുദ്ധജലത്തിന്റെ ഏകദേശം 50 ശതമാനത്തോളം വിതരണം നടത്തുവാൻ കഴിയും.

(സി) ജലവിതരണം കൂടുതൽ ആവശ്യമായി വരുന്ന സന്ദർഭത്തിൽ വാട്ടർ ടാങ്കുകൾ വാടകയ്ക്കെടുത്ത് ജലവിതരണം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

കോഴിക്കോട് കോർപ്പറേഷനിലെ ശുചീകരണ ജോലികൾ

91 (1452)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോഴിക്കോട് കോർപ്പറേഷനു കീഴിൽ എത്ര ശുചീകരണ തൊഴിലാളികൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ തൊഴിലാളികളെക്കൊണ്ട് നഗരത്തിലെ അഴുക്കുചാലുകളിലെ മാലിന്യങ്ങളും റോഡുകളിലെ ചണ്ടികളും സ്ഥിരമായി വൃത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കരാറടിസ്ഥാനത്തിൽ തൊഴിലാളികളെക്കൊണ്ട് ശുചീകരണ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 743

(ബി) പൂർണ്ണമായി വൃത്തിയാക്കുവാൻ കഴിയുന്നില്ല.

(സി) ശുചീകരണ പ്രവൃത്തിക്ക് ഭംഗം വരാതിരിക്കാൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സജീവ പരിഗണനയിലാണ്.

പാലക്കാട് മുനിസിപ്പാലിറ്റിയിലെ ജനകീയാസൂത്രണത്തിലെ അഴിമതി

92 (1453)ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പാലക്കാട് മുനിസിപ്പാലിറ്റിയിലെ ഐ.യു.എം.എൽ കൗൺസിലർ കാക്കാ ഹുസൈൻ ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് അഴിമതി നടത്തി എന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ അടിസ്ഥാനത്തിൽ കൗൺസിലർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

അഞ്ചൽപ്പെട്ടി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ

93 (1454)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) എറണാകുളം ജില്ലയിലെ അഞ്ചൽപ്പെട്ടി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആശുപത്രികൾ ഏതെല്ലാമെന്ന് അറിയുമോ;

(ബി) പിറവം പഞ്ചായത്ത് അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന 50 കിടക്കകളുള്ള ആയുർവേദ ആശുപത്രി എന്തു കൊണ്ടാണ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽപ്പെടുത്താത്തത് എന്നറിയിക്കുമോ;

(സി) ഈ ആശുപത്രിയുടെ ഭരണപരമായ ചുമതല ബ്ലോക്ക് പഞ്ചായത്തിന് എന്നത്തേയ്ക്ക് കൈമാറുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ചൽപ്പെട്ടി എന്നൊരു ബ്ലോക്ക് പഞ്ചായത്ത് നിലവിലില്ല.

(ബി)&(സി) പിറവം പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന സർക്കാർ ആയുർവ്വേദ ആശുപത്രി പാംപാകുട ബ്ലോക്ക് പഞ്ചായത്തിനു കൈമാറുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ താമസിയാതെ തീരുമാനം കൈക്കൊള്ളുന്നതാണ്.

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ മരവിപ്പിച്ച നടപടി

94(1455) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളെ മരവിപ്പിച്ചുകൊണ്ട് സർക്കാർ പഞ്ചായത്തിന് നൽകിയ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഈ ഉത്തരവുമൂലം ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly